ഇ.എം.(1)30662/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 14/07/2014
E-mail - keralarcscoop@.kerala.gov.in
Websit - www.cooperation.kerala.gov.in
Tel. No.- 0471 – 2330726.
Fax - 0471-2331513

# സർക്കുലർ നമ്പർ: 33/2014

വിഷയം:- സഹകരണം – കർക്കിടക മാസം – വാവുബലി ദിനത്തിൽ പിതൃതർപ്പണ കർമ്മങ്ങളിൽ പങ്കെടുക്കുന്ന സഹകരണ സംഘം ജീവനക്കാർക്ക് പെർമിഷൻ നൽകുന്നത് – സംബന്ധിച്ച്.

സൂചന:-1) കാരന്തൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ 05/05/2014 ലെ നിവേദനം.

2) സർക്കാരിന്റെ 30.06.2014 ലെ 5620/സി. 3/2014/സഹ. നമ്പർ കത്ത്.

കർക്കിടക മാസത്തിലെ വാവുബലി ദിനത്തിൽ പിതൃതർപ്പണ കർമ്മങ്ങളിൽ പങ്കെടുക്കുന്ന സഹകരണ സംഘം ജീവനക്കാർക്ക് പെർമിഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം സർക്കാർ സമക്ഷം സമർപ്പിച്ച നിവേദനം പരിഗണിച്ചുകൊണ്ട് ടി ദിവസം പിതൃതർപ്പണ കർമ്മങ്ങളിൽ പങ്കെടുക്കുന്ന സംസ്ഥാനത്തെ സഹകരണസംഘം ജീവനക്കാർക്ക് മാത്രമായി സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്നുറപ്പുവരുത്തി ആയതിനുള്ള അനുമതി നൽകുവാൻ സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ചുവടെ പറയുംപ്രകാരം നിർദ്ദേശം നൽകുന്നു.

കർക്കിടക മാസത്തിലെ വാവുബലി ദിനത്തിൽ പിതൃതർപ്പണ കർമ്മങ്ങളിൽ പങ്കെടുക്കുന്ന സംസ്ഥാനത്തെ സഹകരണ സംഘം ജീവനക്കാർക്ക് മാത്രമായി, സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തി, ആയതിനുള്ള അനുമതി നൽകുവാൻ അനുവാദം നൽകുന്നു.

(ഒപ്പ്)
എസ്. ലളിതാംബിക. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. ആഡിറ്റ് ഡയറക്ടർ.
2. എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
4. എല്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും
7. വെബ്സൈറ്റ്
8. എഡിറ്റർ, സഹകരണവീഥി & സഹകരണ ജേർണൽ
9. സ്റ്റോക്ക് ഫയൽ
10. സ്പെയർ.